പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 959 | 12/06/2014 – ൽ മറുപടിയ്ക്ക്

സമഗ്രവിദ്യാഭ്യാസ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതിയിൽ പെടുത്തി 2013-14 അദ്ധ്യയനവർഷത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതിയിൽപ്പെടുത്തി സീമാറ്റിന്റെ ആഭിമുഖ്യത്തിൽ ആശയരൂപീകരണ ശില്പശാല, പ്രോജക്ട് ഫൈനലൈസേഷൻ എന്നിവ 2012-13 അദ്ധ്യയനവർഷത്തിൽ നടത്തിയിരുന്നു. വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പഠനത്തിൽ ഗുണപരമായ മേന്മ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ബഹു: എം.എൽ.എ. മാരുടെ വികസന ഫണ്ട്, ബി.ആർ.എം.എസ്.എ/ എസ്.എസ്.എ. ഫണ്ട് സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ചാണ് സർക്കാർ സമഗ്ര വിദ്യാഭ്യാസ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. |
| (ബി) ഒറ്റപ്പാലം മണ്ഡലത്തിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം തരത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നേതൃത്വം നൽകി എന്ന് വ്യക്തമാക്കാമോ; | | അസംബ്ലി നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര വിദ്യഭ്യാസ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതല സമിതി, നിയോജകമണ്ഡലതല നിർവ്വഹണസമിതി, മുനിസിപ്പൽ പഞ്ചായത്ത്തല നിർവ്വഹണ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |

അതത് നിയോജക മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ഒരു ഏകദിന ആശയരൂപീകരണ ശില്പശാല സീമാറ്റ് കേരളയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. തുടർന്ന് ഡയറ്റുകളുടെ സഹകരണത്തോടെ തയ്യാറാക്കിയ പ്രോജക്ടിന്റെ ഫൈനലൈസേഷൻ, മണ്ഡലങ്ങളിലെ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലംവരെയുള്ള പ്രഥമാദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനവും, സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച പരിശീലനവും സീമാറ്റ് കേരളയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു.

2013-14 അദ്ധ്യയനവർഷത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ മറ്റു പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

(സി) 2014-15 അധ്യയന വർഷത്തിൽ സമഗ്ര വിദ്യാഭ്യാസപദ്ധതി നടത്തിപ്പിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദാംശം നൽകാമോ;

(സി) എം.എൽ.എ. മാരുടെ വികസനഫണ്ട്, ആർ.എം.എസ്.എ./ എസ്.എസ്.എ., സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി പ്രത്യേക ഫണ്ട് അനുവദിക്കുന്നകാര്യം പരിഗണനയിലില്ല.

(ഡി) സമഗ്രവിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ?

(ഡി) പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ.

Sreedevi

സെക്ഷൻ ഓഫീസർ